Draft #1 of File 41685/P&D1/3/2019 Approved by DEPUTY REGISTRAR (P & D) on 04-Nov-2019 09:24 AM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലയിൽ സിവിൽ / ഇലക്ട്രിക്കൽ വിഭാഗത്തിലെ ഒറിജിനൽ വർക്കുകൾ / അറ്റകുറ്റപണികൾ - എസ്റ്റിമേറ്റുകൾ - ഭരണാനുമതി വാങ്ങിയ ശേഷം PRICE സോഫ്റ്റ്‌വെയർ ഉപയോഗിച്ച് മാത്രം തയ്യാറാക്കി സമർപ്പിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 5419/P&D 1/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 04.11.2019

---

പരാമർശം:-1 . വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ്ചാൻസിലറുടെ കുറിപ്പ് നം വി സി / 702/ 02 / 152/ 2019

2 . GO (Rt ) No 375 / 15 / fin dated 24 / 08 / 2015

3. യു ഒ നം 6538 / പി&ഡി 1/ 3/ 2018 തീയതി 07/ 09/ 2018

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ എൻജിനീയറിങ് വകുപ്പുകളും നിർമാണ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ NIC വികസിപ്പിച്ച PRICE (Project Information and Cost Estimation ) എന്ന സോഫ്റ്റ്‌വെയർ വാങ്ങി ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തു പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയിലെ നിർമ്മാണ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ PRICE (Project Information and Cost Estimation ) എന്ന സോഫ്റ്റ്‌വെയർ വാങ്ങി ഉപയോഗിക്കുവാൻ അനുവദിച്ചുകൊണ്ടുള്ള സിൻഡിക്കേറ്റ് തീരുമാനം അനുസരിച്ച് പരാമർശം 3 പ്രകാരം സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതിൻ പ്രകാരം സർവകലാശാല എൻജിനീയറിങ് യൂണിറ്റിൽ PRICE (Project Information and Cost Estimation ) എന്ന സോഫ്റ്റ്‌വെയർ ലഭ്യമാക്കിയിട്ടുണ്ട്. സർവ്വകലാശാല എഞ്ചിനീയറിംഗ് യൂണിറ്റിലെ സിവിൽ വിഭാഗത്തിൽ നിന്നും മൂന്ന് പേരെയും ഇലക്ട്രിക്കൽ വിഭാഗത്തിൽ രണ്ടു പേരേയും PRICE Software Estimate Create User - മാരായി പൊതുമരാമത്ത് വകുപ്പ് നിയോഗിച്ചിട്ടുണ്ട്. ആയതിനാൽ സർവകലാശാലയിൽ സിവിൽ /ഇലക്ട്രിക്കൽ വിഭാഗത്തിലെ ഒറിജിനൽ വർക്കുകൾ / അറ്റകുറ്റ പണികൾ എന്നിവ സംബന്ധിച്ച എസ്റ്റിമേറ്റുകൾ ഭരണാനുമതി വാങ്ങിയ ശേഷം PRICE (Project Information and Cost Estimation ) സോഫ്റ്റ്‌വെയർ ഉപയോഗിച്ച് മാത്രം സമർപ്പിക്കേണ്ടതാണെന്ന് പരാമർശം 1 പ്രകാരം വൈസ് ചാൻസിലർ ഉത്തരവായിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 . സർവകലാശാല എഞ്ചിനീയർ (തുടർ നടപടികൾക്കായി )

2 . വി സി ,പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3 . രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ

4 .ഫിനാൻസ് IV ഓഡിറ്റ് 1 / അക്കൗണ്ട്സ് v

5 . ജനറൽ ക്യാഷ് / എ ഡി ഡി / സി എം സ് / റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 41685/P&D1/3/2019 Approved by DEPUTY REGISTRAR  (P & D) on 04-Nov-2019 09:24 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം